രാഷ്ട്രീയപ്രവർത്തനം നടത്തുന്ന ഉദ്യോഗസ്ഥന്മാർ.

* 629. [30] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ പോലീസ് ഡിപ്പാർട്ടുമെന്റിലും, മറ്റു സർക്കാർ സർവ്വീസിലും ജോലിനോക്കുന്നവർക്ക് രാഷ്ട്രീയപ്രവർത്തനം ചെയ്യാൻ അവകാശമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

ഇല്ല. അങ്ങനെ ചെയ്യുന്നതു സർവ്വീസ് റൂൾസ് അനുസരിച്ച് തെറ്റാണ്.

ശ്രീ. എം. എം. മത്തായി : അങ്ങനെരാഷ്ട്രീയപ്രവർത്തനം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരുണ്ടെന്നു പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ജനറലായി ചോദിച്ചാൽ ഉത്തരം പറയാൻ നിവൃത്തിയില്ല. ഇലക്ഷൻ കഴിഞ്ഞപ്പോൾ ചില താഴ്ന്ന ഉദ്യോഗസ്ഥന്മാരെപ്പറ്റി പരാതി വന്നിട്ടുണ്ടെന്നു തോന്നുന്നു.

ശ്രീ. എം. എം. മത്തായി : അവരുടെ രാഷ്ട്രീയബന്ധങ്ങളെപ്പറ്റി അന്വേഷിക്കാവുന്നതാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അന്വേഷിച്ചു ശേഷമാണു സർവ്വീസിൽ പ്രവേശിപ്പിക്കുന്നതു്.

പഞ്ചായത്താഫീസറന്മാരുടെ നിയമനം.

* 630. [31] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പഞ്ചായത്താഫീസറന്മാരുടെ നിയമനകാര്യത്തിൽ ഈ വർഷമെന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 30-6-1955 വരെ എത്ര പഞ്ചായത്തുകളിൽ ആഫീസറന്മാരെ നിയമിച്ചു ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ :) ഇതിനു മുമ്പു് ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

ശ്രീ. പ്രാക്കുളം ഭാസി : എത്ര പേരെ നിയമിച്ചു എന്നറിയണം.

ശ്രീ. കെ. കൊച്ചുകുട്ടൻ : 182 പേരെ നിയമിച്ചു.

ശ്രീ. പ്രാക്കുളം ഭാസി : എല്ലാ പഞ്ചായത്തുകളിലും ആഫീസറന്മാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly